LIBRARY ARCHIVES Kerala Legislative Assembly

തടവുകാരുടെ നിരാലംബരായ കുട്ടികൾ

278 (282) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ നിരാലംബരായ കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണ് ;

(ബി) ഇത്തരം കുട്ടികൾ സാമൂഹികമായ ഒറ്റപ്പെടലുകൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1 മുതൽ 5 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് 3000 രൂപയും 6 മുതൽ 10 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് 5000 രൂപയും +1, +2 വിദ്യാർത്ഥികൾക്ക് 7500 രൂപയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപയും പ്രതിവർഷം നൽകിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടവുകാരുടെ കുട്ടികളെ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികൾ അതിജീവിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി പ്രാഥമികതലംമുതൽ ബിരുദതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇ-ഓക്ഷൻ സംവിധാനം

279 (283) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ ഇ-ഓക്ഷൻ സംവിധാനംമൂലം തടി ലേലത്തിലും വരുമാനത്തിലും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം ഡിപ്പോകൾ മുഖേന പ്രസ്തുത ലേലം നടന്നുവരുന്നുണ്ട്; എല്ലാ ഡിപ്പോകളിലും ഇ-ഓക്ഷന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സംവിധാനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ലേലത്തിലെ സുതാര്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ?

ഉത്തരം

(എ) വനം വകുപ്പിലെ തടി വില്പന ഇ-ഓക്ഷൻ സംവിധാനംവഴി ആയതിനാൽ ശരാശരി 17.5% വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ടിമ്പർ സെയിൽസ് ഡിവിഷൻ കീഴിലുള്ള ളയം, കടയ്ക്കാമൺ, പത്തനാപുരം, കോന്നി, വീയപുരം, അരിക്കക്കാവ്, കോതമംഗലം, തലക്കോട്, വെട്ടിക്കാട്, പാറാമ്പുഴ, ചാലക്കുടി, വിട്ടൂർ, മുടിക്കല, ചെട്ടിക്കുളം, വാരാപ്പുഴ, സെൻട്രൽ ഡിപ്പോ, അരുവാക്കോട്, നെടുങ്കയം, വാളയാർ, ചാലിയം, കപ്പാടി, മഞ്ചയ്യൽ, പരപ്പ, കണ്ണോത്ത്, ബാവേലി എന്നീ ഡിപ്പോകളിലും ടെറിട്ടോറിയൽ ഡിവിഷനു കീഴിലുള്ള ഡംമ്പിംഗ് ഡിപ്പോകളിലും ഇ-ലേലം നടന്നു വരുന്നുണ്ട്. കൂടാതെ മറയൂർ ഡിവിഷനുകീഴിലുള്ള മറയൂർ സാൻഡൽ ഡിപ്പോകളിലും ഇ-ഓക്ഷൻ നടന്നുവരുന്നുണ്ട്.

(സി) പ്രസ്തുത സംവിധാനത്തിനെതിരെ ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ താഴെപ്പറയുന്നു:

i. ഇ-ലേലം റെയിഞ്ചുകളിൽ നടപ്പിലാക്കിയാൽ കാലാവസ്ഥ പ്രശ്നവും കയറ്റുകൂലി തർക്കവും കാരണം ഉൽപ്പന്നങ്ങൾ നീക്കം ചെയ്യാൻ സാധിക്കുകയില്ല.

ii. ഇ-ലേലം കൊണ്ടുള്ള ലാഭം വൻകിട കുത്തക മുതലാളിമാർക്കുമാത്രം. കുറഞ്ഞ ക്ലാസുകളുടെ വിലയ്ക്ക് ഉയർന്ന നിലവാരമുള്ള തടികൾ ഇ-ലേലം മുഖേന വിൽക്കുന്നു.

iii. വൻതുക കമ്മീഷൻ നൽകി MSTC എന്ന കമ്പനിയെ വനംവകുപ്പ് ഇടനിലക്കാരാക്കിയിരിക്കുന്നു.

iv. വനംവകുപ്പിന്റെ തടിയും മറ്റു വിഭവങ്ങളും ലേലത്തിലെടുത്തു വന്നിരുന്ന ചെറുകിട കച്ചവടക്കാരെ ഈ രംഗത്തുനിന്നും പിന്തള്ളി.

മേൽ ആക്ഷേപങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്.

(ഡി) ലേലത്തിലെ സുതാര്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly